വില്ലേജുകളുടേയും താലൂക്കുകളുടേയും വിഭജനം

26 [622] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജുകളുടേയും താലൂക്കുകളുടേയും വിഭജനം സംബന്ധിച്ച നടപടികൾ ഏതു ഘട്ടംവരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) ഈ നടപടികളുടെ ഭാഗമായി എത്ര വില്ലേജുകളും എത്ര താലൂക്കുകളുമാണ് വിഭജിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിലെ പെരിങ്ങത്തൂർ വില്ലേജ് വിഭജിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി & സി) ഇക്കാര്യം പഠിക്കാൻ നിയോഗിച്ച ഏകാംഗ കമ്മീഷന്റെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അനുയോജ്യമായ തീരുമാനം എടുക്കുന്നതാണ്.

താലൂക്ക് വിഭജനം സംബന്ധിച്ച് പഠന റിപ്പോർട്ട്

27 [623] ശ്രീ. എം. എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്ക് വിഭജനം സംബന്ധിച്ച് പഠിക്കുവാനായി ഗവൺമെന്റ് നിയമിച്ച റവന്യൂ സെക്രട്ടറി എസ്. സുന്ദരേശൻ തൽസംബന്ധമായ പഠന റിപ്പോർട്ട് സമർപ്പിച്ചുവോ;

(ബി) ഇല്ലെങ്കിൽ അദ്ദേഹത്തിന്റെ പഠനം ഏത് ഘട്ടത്തിലിരിക്കുന്നു എന്ന് പറയുമോ ;

(സി) റിപ്പോർട്ട് ഇതുവരെ സമർപ്പിക്കാത്തപക്ഷം അത് എന്നേക്ക് സമർപ്പിക്കുമെന്ന് പറയുമോ;

(ഡി) പഴയ താലൂക്കുകൾ പുനഃസംഘടിപ്പിച്ച് പുതിയ താലൂക്കുകൾ രൂപീകരിക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ കായംകുളം ആസ്ഥാനമാക്കി ഒരു പുതിയ താലൂക്ക് രൂപീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി-യും സി-യും) ശ്രീ. എസ്. സുന്ദരേശൻ റിപ്പോർട്ട് സമർപ്പിക്കാൻ കൂടുതൽ സമയം ആവശ്യപ്പെട്ടിരുന്നു. അദ്ദേഹം ഫോർവേഡ് മാർക്കറ്റ്സ് കമ്മീഷൻ ചെയർമാനായി നിയമിതനായതിനെ തുടർന്ന് ഇപ്പോൾ കമ്മീഷന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണ്.

(ഡി) വിശദമായ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ തീരുമാനം കൈക്കൊള്ളാനാകൂ.

2/2308/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly